## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4038 | 21.07.2015-ൽ മറുപടിയ്ക്ക്

### ബ്ലോക്കുകളുടെ പുന:സംഘടന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ. കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി ) | |
| എ) | സംസ്ഥാനത്ത് എത്ര ബ്ലോക്കുകളാണ് നിലവിലുള്ളത്; ഇവയുടെ പുന:സംഘടന നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുന:സംഘടിപ്പിക്കുന്നതിന്റെ കാരണം വിശദമാക്കാമോ; പുന:സംഘടനയുടെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; | എ) | സംസ്ഥാനത്ത് 152 ബ്ലോക്കുകളാണ് നിലവിലുള്ളത്. ഇവയുടെ പുന:സംഘടന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിനും തദ്വാരാ ഗ്രാമ പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും, നിയമസഭാ നിയോജക മണ്ഡലങ്ങളും വികസന ബ്ലോക്കുകളും തമ്മിലുള്ള ഏകോപനം സാധ്യമാക്കുന്നതിനുമായിട്ടാണ് ബ്ലോക്ക് പഞ്ചായത്തുകളെ പുന:ക്രമീകരിക്കാൻ തീരുമാനിച്ചത്. കേരളാ പഞ്ചായത്ത് രാജ് നിയമം 4(1)(2) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പുന:സംഘടനയുടെ ചുമതല സർക്കാരിൽ നിക്ഷിപ്തമാണ്. |
| ബി) | പുന:സംഘടനയുടെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; പുതുക്കിയ കരടിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം വർദ്ധിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര വർദ്ധനവാണ് വന്നിട്ടുള്ളത്; ഇവയുടെ കണക്ക് ലഭ്യമാക്കാമോ; ബ്ലോക്ക് പുന:സംഘടനയ്ക്ക് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ; | ബി) | പുന:സംഘടനയുടെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുതുക്കിയ കരടിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം വർദ്ധിക്കുന്നില്ല. ഒരു നിയമസഭാ മണ്ഡലത്തിലുൾപ്പെടുന്ന ബ്ലോക്കിന്റെ എണ്ണം ഒന്നും പരമാവധി രണ്ടുമായി ക്രമീകരിക്കുന്ന രീതിയിലാണ് പുന:സംഘടന നടത്തുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| സി) | പുന:സംഘടന സംബന്ധിച്ച് വ്യാപകമായ ആക്ഷേപങ്ങൾ ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുന:ക്രമീകരിച്ച ബ്ലോക്ക് പഞ്ചായത്തുകളുടെ കരട് വിജ്ഞാപനത്തിന്മേൽ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചിട്ടുണ്ട്. ലഭ്യമാകുന്ന ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നവരെ നേരിൽക്കേട്ട് വിലയിരുത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ